**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **30-08-2022 - ൽ മറുപടിയ്ക്ക്**

**കോന്നി ടൗണിൽ ഫ്ലൈ ഓവർ നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോന്നി ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ഫ്ലൈ ഓവർ നിർമിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | മലയോര ഹൈവേയുടെ ഭാഗമായ പുനലൂർ മൂവാറ്റുപുഴ റോഡ് കടന്നു പോകുന്ന കോന്നി ടൗണിലാണ് പ്രസ്തുത ഫ്ലൈ ഓവർ നിർമ്മിക്കാനുദ്ദേശിക്കുന്നത്. 2021 ഡിസംബർ മാസത്തിൽ കോന്നി ഫ്ലൈഓവർ പ്രവൃത്തി stand alone project ആയി ചെയ്യാൻ സാധിക്കുമെന്ന് കെ എസ് ടി പി അറിയിച്ചു. അതിൻപ്രകാരം പൊതുമരാമത്ത് വകുപ്പ്, ചീഫ് എൻജിനീയർ ഡിസൈൻ വിഭാഗത്തിന് മേൽ പറഞ്ഞ പ്രവൃത്തിയുടെ ഡി പി ആർ തയ്യാറാക്കാൻ നിർദ്ദേശിച്ചു. ഇതിന്റെ പ്രാരംഭ നടപടിയായി ട്രാഫിക് സർവെ നടത്തി Prefeasibility report എത്രയും പെട്ടെന്ന് സമർപ്പിക്കുന്നതാണെന്ന് ഡിസൈൻ വിഭാഗം ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ